(ബി) ഗ്രാന്റ് തുക ഉപയോഗിച്ച് എത്ര കൃതികളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് പ്രസിദ്ധീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 1,09,950 രൂപ ചെലവായിട്ടുണ്ട്.

(ബി) 18 കൃതികൾ പ്രസിദ്ധീകരിച്ചു.

ഭവനവായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവർ

8 (1673) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും വളരെക്കാലം മുമ്പ് എടുത്ത ഭവനവായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതുമൂലം ജപ്തി നടപടികൾ നേരിടേണ്ടതായി വരുന്നുണ്ടെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വായ്പ തുക എഴുതിത്തള്ളാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സഹായധനമായി ഈ തുക കോർപ്പറേഷന് അടപ്പിക്കുന്നതിനു വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വായ്പ തിരിച്ചടയ്ക്കുവാൻ തീരെ നിർവ്വാഹമില്ലെന്ന് കോർപ്പറേഷൻ ബോർഡ് ശുപാർശ ചെയ്യുന്ന കേസുകൾ പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്.

(സി) ബാധകമല്ല.

പട്ടികജാതി വികസന കോർപ്പറേഷന്റെ ജില്ലാ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി

9 (1674) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷന്റെ ജില്ലാ ഓഫീസ് പത്തനംതിട്ട ജില്ലയിലെ ആറൻമുളയിൽ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ജില്ലാ ഓഫീസ് നിലവിലില്ലാത്തതു കാരണം പത്തനംതിട്ട ജില്ലയിലെ പട്ടികജാതിക്കാരായ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly